**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്**

**(നിലവിൽ പി. ഐ. ശ്രീവിദ്യ. ഐ.എ.എസ്)**

വിഷയം:- പട്ടികജാതി വികസനം – ജീവനക്കാര്യം – കോഴിക്കോട്, ബാലുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ. ബിജി. പി-യെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-(1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഇന്റേണൽ കംപ്ലയന്റ്സ് കമ്മറ്റി 30-12-2020 -ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

(2) കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസിലെ ഇന്റേണൽ കംപ്ലയന്റ്സ് കമ്മറ്റി 19-01-2021-ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

(3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18-06-2020-ലെ എസ്റ്റാ: എ4-8745/19 നമ്പർ ഉത്തരവ്.

---

ഉത്തരവ് നമ്പർ എസ്റ്റാ എ4 -2152/2021 തീയതി: 30/01/2021

---

കോഴിക്കോട്, ബാലുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ. ബിജി. പി കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലാർക്കായ വനിതാ ജീവനക്കാരിയുടെ സ്ത്രീത്വത്തെ ആക്ഷേപിക്കുന്ന രീതിയിലും, ടിയാരിയ്ക്ക് മാനഹാനിയുണ്ടാക്കുന്ന രീതിയിലും വാട്ട്സാപ്പിൽ ശബ്ദസന്ദേശം പ്രചരിപ്പിച്ചുവെന്ന ആരോപണത്തിന്മേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റി പ്രിസൈഡിംഗ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 30-12-2020-ൽ യോഗം കൂടുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പരാതിക്കാരിയെയും കുറ്റാരോപിതനായ ശ്രീ. ബിജി. പി യെ നേരിൽ കേൾക്കുകയും, കുറ്റാരോപിതനായ ശ്രീ. ബിജി. പി തന്റെ ഭാഗത്ത് തെറ്റ് സമ്മതിച്ച തായും മേലിൽ ആവർത്തിക്കുകയില്ലായെന്ന് ഓൺലൈൻ വഴി വിസ്തരിച്ചപ്പോൾ സമ്മതിക്കുക യുണ്ടായി. സമാനമായ രീതിയിലുള്ള കുറ്റത്തിന് ഒരിക്കൽ ശിക്ഷാനടപടിയ്ക്ക് വിധേയനായ ശ്രീ ബിജി. പി വീണ്ടും അത്തരത്തിലുള്ള തെറ്റ് ആവർത്തിച്ചതിനാൽ ടിയാനെതിരെ യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് കമ്മിറ്റി വിലയിരുത്തുകയും, ആയതിനോടൊപ്പം പരാതിക്കാരി ജോലി നോക്കുന്ന കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസിലെ ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റികൂടി, ടി വിഷയം സംബന്ധിച്ച് പരാതി പരിശോധിക്കേണ്ടതുണ്ടെന്നും, പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായതിന് ശേഷം നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിക്കുകയും ചെയ്തിരുന്നു.

തുടർന്ന് കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസിലെ ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റി പ്രസ്തുത ആരോപണത്തിന്മേൽ അന്വേഷണം നടത്തുകയും ടി ആരോപണങ്ങളിൽ

വസ്തുതകൾ ഉണ്ടെന്ന് കണ്ടെത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ബിജി. പി ആലപ്പുഴ ചെങ്ങന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറായിരുന്ന കാലയളവിൽ സമാനമായ രീതിയിലുള്ള കുറ്റം ചെയ്യുകയും, ആയതിന് ടിയാനെ ടി ബ്ലോക്കിൽ നിന്നും കോഴിക്കോട് ബാലുശ്ശേരി ബ്ലോക്ക്പട്ടികജാതി വികസന ഓഫീസിലേയ്ക്ക് സ്ഥലം മാറ്റുകയും ടിയാനെതിരായി വകുപ്പ്തല അച്ചടക്കനടപടി സ്വീകരിച്ച് പരാമർശം (3) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ The Sexual Harassment of Women at workplace (Prevention, Prohibition & Redressal) Act 2013 -ലെ സെക്ഷൻ 13(4) പ്രകാരം പരാമർശം (2) റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കാണുന്നതിനാൽ കോഴിക്കോട്, ബാലുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ. ബിജി. പി-യ്ക്കെതിരായി 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടികൾ ആരംഭിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാന് സസ്പെൻഷൻ കാലയളവിൽ അർഹമായ ഉപജീവനബത്തയ്ക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അർഹതയുള്ളതായിരിക്കും.

(ഒപ്പ്)
ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/
   സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ മേശമേൽ.
2. ജില്ല പട്ടികജാതി വികസന ഓഫീസർ
   കോഴിക്കോട്
3. ശ്രീ. ബിജി. പി
   ബാലുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ
   (കോഴിക്കോട് ജില്ല പട്ടികജാതി വികസന ഓഫീസർ മുഖേന)
4. എസ്റ്റാ: എ1 (ശ്രീ. ബിജി പി-യുടെ
   സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന്)
5. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ
   തിരുവനന്തപുരം
6. കരുതൽ ഫയൽ/അധികം

ഡയറക്ടർക്കുവേണ്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ